ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ-ജയിലാസ്ഥാനകാര്യാലയം-ജീവനക്കാര്യം-കോവിഡ്-19 രണ്ടാം തരംഗം-ജയിലാസ്ഥാനകാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.ഈ ഓഫീസിലെ 01/07/2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2.06.07.2021ലെ ഡിസാസ്റ്റർ മാനേജ്മെൻറിൻറ G.O.(Rt) No. 500/2021/DMD നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. E1-10029/2021/PrHQ; തീയതി : 13-07-2021**

കോവിഡ് -19 രണ്ടാം തരംഗത്തെ തുടർന്ന് ഏർപ്പെടുത്തിയിരുന്ന കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തിയ സാഹചര്യത്തിലും പൊതുഗതാഗതം നിലവിൽ വന്ന സാഹചര്യത്തിലും കൂടുതൽ ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം TPR 10ന് താഴെയുള്ള സ്ഥലങ്ങളിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും 100% ജീവനക്കാരും ഹാജരാകുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ആയതിൻറ അടിസ്ഥാനത്തിൽ ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാരും എല്ലാ ദിവസവും ഓഫീസിൽ ഹാജരാകേണ്ടതാണ്.

എല്ലാ ജീവനക്കാരും 10 മണിയ്ക്ക് ഓഫീസിലേക്ക് ഹാജരാകേണ്ടതും ക്ലാസ് 4 ജീവനക്കാർ 9.30 മണിയ്ക്ക് ഹാജരാകേണ്ടതുമാണ്. എല്ലാ സെക്ഷനിലെ ഹാജർ പുസ്തകങ്ങളും 10.15നു PA to DGP വഴി DIG (HQS) നു സെക്ഷൻ സൂപ്രണ്ട് സമർപ്പിക്കേണ്ടതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും

പകർപ്പ് : 1) DIG (HQs)
2) CA to DGP & CS

E1-10029/2021/PrHQ

041660